LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്വതന്ത്ര/ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയറുകൾ

208 (6659) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന മിക്കവാറും സോഫ്റ്റ്വെയറുകളും വിൻഡോസിന്റെതാണോ എന്ന് വിശദമാക്കുമോ ;

(ബി) വിൻഡോസ് എക്സ്പിക്കുള്ള പിൻതുണ മൈക്രോസോഫ്റ്റ് പിൻവലിച്ച സാഹചര്യത്തിൽ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ സോഫ്റ്റ്വെയറുകൾ സ്വതന്ത്ര/ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയറുകളിലേക്ക് മാറുന്നതിന് അനുമതി നൽകുമോ ?

ഉത്തരം

(എ) സർക്കാർ ഓഫീസുകളിലും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലും ഓഫീസ് ആവശ്യത്തിന് സ്വതന്ത്ര സോഫ്റ്റ്വെയറുകളും വിൻഡോസിന്റെ സോഫ്റ്റ്വെയറുകളും ഉൾപ്പെടുന്നുണ്ട്.

(ബി) വിൻഡോസ്-എക്സ്പി ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ പിന്തുണ അതിന്റെ ഉടമസ്ഥരായ മൈക്രോ സോഫ്റ്റ് കോർപ്പറേഷൻ 8-4-2014 മുതൽ പൂർണ്ണമായി പിൻവലിച്ച പശ്ചാത്തലത്തിൽ പ്രസ്തുത ഓപ്പറേറ്റിംഗ് സിസ്റ്റം ഉപയോഗിക്കുന്ന വകുപ്പുകളും സ്ഥാപനങ്ങളും സ്വതന്ത്ര സോഫ്റ്റ്വെയറിലേക്ക് മാറണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം ഒഴിവാക്കാൻ കഴിയാത്ത പ്രത്യേക സാഹചര്യങ്ങളിൽ അതിന്റെ ഇന്ന് ലഭ്യമാകുന്ന ഏറ്റവും പുതിയ ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ പതിപ്പ് സ്വീകരിക്കുന്നകാര്യം അതാത് സ്ഥാപനങ്ങൾ തന്നെ തീരുമാനം കൈക്കൊള്ളണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഭരണ നവീകരണ രംഗത്ത് വിവര സാങ്കേതിക വിദ്യയുടെ പ്രയോജനവും പ്രയോഗവും

209 (6660) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണനവീകരണരംഗത്ത് വിവരസാങ്കേതികവിദ്യയുടെ പ്രയോജനവും പ്രയോഗവും ഉറപ്പുവരുത്താൻ ലക്ഷ്യമിട്ടു നടക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് :

(ബി) സർക്കാരിന്റെ ഏതെല്ലാം ഏജൻസികളാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നതെന്നും ഓരോ ഏജൻസികളും കൽപ്പിച്ചു നൽകിയിട്ടുള്ള ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഓൺലൈൻ സംവിധാനം വിവിധ വകുപ്പുകളിലായി നടപ്പിലാക്കി വരുന്നു. ഇ-ഗവേണൻസ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിലൂടെ വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് നേരിട്ട് സർക്കാർ ഓഫീസ് വഴിയും ഓൺലൈൻ വഴിയും ഫ്രണ്ട്സ്/അക്ഷയ കേന്ദ്രങ്ങൾ വഴിയും ലഭിക്കുന്നതാണ്. സുതാര്യത കൂട്ടുന്നതിന്റെ ഭാഗമായി ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ തീരുമാനം എടുക്കുവാനും നടപടിക്രമങ്ങൾ സുതാര്യമാക്കുവാനും വേണ്ടി സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർ വൽക്കരണം, കമ്പ്യൂട്ടർ അധിഷ്ഠിത ഫയൽ നിരീക്ഷണ സംവിധാനമായ IDEAS, DDFS, e-Office തുടങ്ങിയ ആധുനിക സംവിധാനങ്ങൾ നടപ്പിലാക്കിവരുന്നു. മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ സുതാര്യമാക്കുന്നതിന് ഇ-പേമെന്റ്, ഇ-ആപ്ലിക്കേഷൻ മുതലായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിൽ ഇ-സർവ്വീസ് നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിൽനിന്ന് വിവിധയിനം സർട്ടിഫിക്കറ്റുകൾ ഓൺലൈൻവഴി നൽകുന്ന ഇ-ഡിസ്ട്രിക്ട് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) കേരള സംസ്ഥാന ഐ.ടി. മിഷൻ (KSITM),സ്റ്റേറ്റ് ഇ-മിഷൻ ടീം (ഭാരത സർക്കാർ) (SeMT), നാഷണൽ ഇൻഫർമാറ്റിക് സെന്റർ(NIC) എന്നീ ഏജൻസികളുടെ സഹായത്തോടെയാണ് ഇ-ഗവേണൻസ് പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ഈ ഏജൻസികൾക്ക് കൽപ്പിച്ചുനൽകിയിട്ടുള്ള ഉത്തരവാദിത്വങ്ങൾ ചുരുക്കി പറയും പ്രകാരമാണ് :

KSITM ഇംപ്ലിമെന്റിംഗ് ഏജൻസി

SeMT കൺസൾട്ടന്റ്

NIC ടെക്നിക്കൽ സപ്പോർട്ട്

ആധാർ എൻറോൾമെന്റ് നടത്തുന്ന ഏജൻസികൾ

210 (T6661) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര പേർക്ക് ആധാർകാർഡ് ലഭിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം ഏജൻസികൾ ആണ് ഇപ്പോൾ കേരളഗവൺമെന്റിന്റെ കീഴിൽ എൻറോൾമെന്റ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) എന്നുവരെയുള്ള പേമെന്റാണ് യു.ഐ.ഡി.എ.ഐ.-ൽ നിന്നും ഗവൺമെന്റിന് ലഭിച്ചത് ; ലഭിച്ച തുകയിൽ എന്നുവരെയുള്ള പേമെന്റ് ഏജൻസികൾക്ക് കൊടുത്തു ; ബാക്കി തുക എന്ന് നൽകും എന്ന് വ്യക്തമാക്കുമോ ;